# ഡെസ്ക്ടോപ്
# 2019

(ഡിജിറ്റൽ മാഗസിൻ)



## സെന്റ് മേരീസ് ഹൈസ്കൂൾ ആര്യങ്കാവ്
## ലിറ്റിൽ കൈറ്റ്സ് Lk/2018/40013

*PH:04752211450 Email: smhs40013ary@gmail.com*

# ആശംസ.......

## ജെയിംസ് ജോസഫ് കുട്ടംപേരൂർ

**(ഹെഡ്മാസ്റ്റർ)**



**സെന്റ് മേരീസ് ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ് യൂണിറ്റിലെ എല്ലാ വിദ്യാർത്ഥികളേയും അവർക്ക് പരിശീലനം നല്കുന്ന അദ്ധ്യാപകരേയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്...**



**ആശംസ......**
**ആര്യങ്കാവ് സെന്റ് മേരീസ്**
**ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ്**
**ക്ലബ് അംഗങ്ങൾക്ക് .....**

## വിക്രമൻ പിള്ള

മുൻ മാസ്റ്റർ ട്രൈനർ പുനലൂർ

# Chief Editors...






# DESKTOP

**ST. MARY'S HIGH SCHOOL ARYANKAVU**

## *Managing Editor*

**James Joseph Kuttemperoor**
**(Headmaster)**

## *Advisory committe*

**Roy V. K**
**(Kite Master)**
**Sr.Minimol Joseph**
**(Kitemistress)**

## *Chief editor*

**Kum.Neelambari.S**
**Kum.Geethu mol .M**

## *Cover page design*

**Little kites**

## *Published by*

***LITTLE KITES***
**LK/2018/40013**
**9446294647**
**(Rights Reserved)**



# ഉള്ളടക്കം


| | |
|---|---|
| 1.Proverb- | Abhijith |
| 2.നാട്ട് നടപ്പ് - | Akash |
| 3.Proverb- | Akshara |
| 4.നല്ല കുടുംബം - | Alfy |
| 5.ഉപന്യാസം | അലീനാ ഷാജി |
| 6.എന്റെ വിദ്യാലയം | അലിഫ് ഖാൻ |
| 7.ഇരുപതാം പിറന്നാൾ | അല്ക്കാന |
| 8.Thoughts | Amal krishna |
| 9.The moon | Anjana |
| 10.ഇഷ്ടം | അഞ്ജന |
| 11.കടങ്കഥ | അനുഷ |
| 12.അഭിമുഖം | അപർണ |
| 13.Little kites | Arya |
| 14.പഴഞ്ചെല്ലുകൾ | അസീന |
| 15.മഹത്‌വചനങ്ങൾ | ആഷിഖ് |
| 16.Quiz | Deepak |
| 17.My world | Devika |
| 18.Who is / | Geethu |
| 19.Little kites | Haritha |
| 20.സൗഹൃദം | ജെയിംസ് |
| 21.ഇക്കോട്ടൂറിസം | ജിതിൻ |
| 22.ആസ്വാദനക്കുറിപ്പ് | മഹിമോൾ |
| 23.യാത്രാവിവരണം | മഹിമോൾ |
| 24.എന്റെ നേതാവ് | മഞ്ജുനാഥ് |
| 25.എന്റെ വിദ്യാലയം | നയന |
| 26.ആമ്മ | നീലാംബരി |
| 27.Life | Neethu |
| 28.അമ്പനാട് | പ്രണവ് |
| 29.വാക | സംഗീത |
| 30.പഴഞ്ചൊല്ലുകൾ | സനു |
| 31.റോസ്‌മല | ശരവണൻ |
| 32.Do you know | sherin |
| 33.Nature | Taufeeq |
| 34.പ്രകൃതി | ഉത്തര |
| 35.My school | Yazeen |



# ഹരിത വിദ്യാലയം







# Proverb



## Abhijith .S

A bird in hand is worth two in the bush.

A bad workman always blames his tools.

A book,tight shut,is but a block of paper.

A burnt child dreads the fire.

A contented mind is a perpetual feast.

A fault confessed is a half redressed.

A fool and his money are soon parted.

A friend in need is a friend indeed.

A rolling stone gathers no moss.

A stitch in time saves nine.

Action speak louder than words.

All is fish that comes to the net.

All is well that end well.

All that glitters is not gold.

As you sow, so shall you.

Barking dog seldom bite.

Beauty is only skin deep.

Beggars can't be choosers.

Rome was not built in a day.

Birds of the same feather flock together.

Blood is thicker than water.

Books and friends may be few but good.

Call a spade a spade.

Charity begins at home.

Child is the father of man.

Clothes do not make a man.

Cleanliness is next to godliness.

Cut your cloth according to your coat.

Death is the great leveller.

Discontent is the first step in progress.

Discretion is the better part of valour.

Distance lends enchantment to the view.

Don't burn your house to frighten the mouse away.

Don't judge a book by it's cover.

Early birds catches the worm.

Empty vessels make the most sound.

Every cloud has a silver lining.

Every dog has his day.

Everybody's business is nobody's business.

Experience is the best teacher.

Failure is the stepping-stone to success.

Familiarity breeds contempt.

First impression is the best impression.

# നാട്ടു നടപ്പ്- ആകാശ്



എന്റെ വീട് കണ്ടോ വീട്ടിൽ ഇരുട്ട് കണ്ടോ
പവർ കട്ടിന്റെ സമയമല്ല............
കരണ്ട് ഉണ്ടെലെന്നാ കരണ്ടില്ലെലെന്നാ
കണ്ണ് തള്ളണബില്ലു വരും.............

ഞങ്ങടെ റോഡ് കണ്ടോ
റോട്ടിൽ കട്ടർ കണ്ടോ
അതിനാഴം കണ്ടോ അതിൽ വീണാൽ എന്നാ
അതിൽ വീണ് ചത്താൽ എന്നാ
അത് സർക്കാര് പണിഞ്ഞതല്ലെ.............


ഞങ്ങടെ പൈപ്പ് കണ്ടോ
അതിനരികിൽ കുടങ്ങൾ കണ്ടോ
അതിൽ വെള്ളം വന്നാൽ എന്നാ
അതിൽ വെള്ളം വന്നില്ലെലെന്നാ
അത് സർക്കാര് മുതലലെ.............

അവന്റെ ബൈക്ക് കണ്ടോ
അതിൽ അവൻ പോകുന്ന പോക്ക് കണ്ടോ
അതിൽ നിന്നവൻ വീണാൽ എന്നാ
വിണ്ചത്താൽ എന്നാ
അതവന്റെ തന്തയുടെ വിർപ്പല്ലേ..............



അവിടെ തോട്ടം തൊഴിലാളികളെ കണ്ടോ
അവർ രാപ്പകൽ പണി യെടുക്കുന്നത് കണ്ടോ
അവർക്ക് ശമ്പളം കിട്ടിയാൽ എന്നാ
അവർക്ക് ശമ്പളം കിട്ടിയില്ലേലെന്നാ
അതവരുടെ മുതലാളിയുടെ ഉടായിപ്പല്ലേ..............

# ദേശീയ യോഗാദിനം













# PROVERBS- Akshara L U



1. Union is strength.

2.Too much of anything is good for nothing.

3.As you sow, so you reap.

4.Look before you leap.

5.Many a mickle makes a muckle.

6.Still water run deep.

7.Barking dogs seldom bites.

8.All the glitter is not gold.

9.Where there is a will there is a way.

10.A live ass is better than a dead lion.

11.Prevention is better than cure.

12.A little knowledge is a dangerous thing.

13.Wisdom is better than riches.

14.Prosperity brings friends adversity tries them.

15. Make hay while the sun shine.

16.Familiarity breads contempt.

17.The child is the father of man.

18.Cut not the bough you sit upon.

19.Stolen waters are sweeter.

20.No gains without pains.

21.Have God and have all.

22.What is bred in the bone will come out in the flesh.

23.One swallow does not make a summer.

24.More haste less speed.

25.After a storm cometh a calm.

26.That cannot be cured must be endured.

27.Drawn wells are seldom dry.

28.Come uncalled, sit unserved.

29.The crown and glory of life is character.

30.Man proposes but God disposes.

31.A rolling stone never gathers moss.

32.A friend is need is a friend indeed.

33.One lie makes many

34.Misfortune never comes alone.

35. Authority forgets a dying king.

36. Fools rush in where angels fear to tread.

37. A lazy sheep thinks its wool heavy.

38. The wearer know were the shoe pinches.

39. The gardener's legs won't harm the plant.

40. Fair words fill not the belly.



# നല്ല കുടുംബം– ആൽബി

ഒരു നഗരത്തിൽ ഒരു വീടുണ്ടായിരുന്നു. പുറമെ നിന്നു സുന്ദരം
അകത്തുപോയാൽ പ്രശ്നം.
എന്താണീ പ്രശ്നത്തിന് കാരണമെന്ന് അയൽവാസികൾക്കറിയില്ല. ഒരു ദിവസം
ഒരയൽവാസി
ആ വീട്ടിലേക്ക് കയറിച്ചെന്നു.ആ വീട്ടമ്മ അയാളെ ബഹുമാനപൂർവം
സ്വീകരിച്ചു.അയാൾ പ്രശ്ന-
ങ്ങളെല്ലാം ആരാഞ്ഞു. അയാൾ വീട്ടമ്മയോട് ചോദിച്ചു, എന്താണീ വീട്ടിലെ പ്രശ്നം?
വീട്ടമ്മ പ്രതികരിച്ചു എല്ലാം പ്രശ്നമാണ് , അയൽവാസി ചോദിച്ചു? എന്തു പറ്റി .
ആ വീട്ടമ്മ
പറഞ്ഞു : എന്തുപറ്റാൻ. ഈ വീട്ടിൽ ഞാനും എന്റെ ഭർത്താവും ഒരു മോനുമുണ്ട്.
എന്റെ ഭർത്താവ് ഏതു നേരവും ഫോണിലാണ്. ഇത് കണ്ട് എന്റെ മോൻ
വാശിപിടിച്ച്
അവനും ഒരു ഫോൺ വാങ്ങിച്ചു. എനിക്കും ഒരു ഫോണുണ്ട്.എല്ലാവർക്കും ഓരോ
ഫോണുണ്ട്.
മൂന്നു പേർക്കും മൂന്നു ഫോണായി . പക്ഷേ, ടി.വി അതൊന്നല്ലേയുള്ളൂ, അതാണ്
ഏറ്റവും വലിയ
പ്രശ്നം. ഞാൻ സീരിയൽ കാണുമ്പോൾ മോന് ഗുസ്തി ,ഭർത്താവിന് ന്യൂസ് ഇതാണ്
ഏറ്റവും
വലിയ പ്രശ്നം. ഞങ്ങൾ പരസ്പരം മിണ്ടിയിട്ട് ഒരു മാസം തികഞ്ഞു. അയൽവാസി
പറഞ്ഞു,
നല്ല കുടുംബം പുറമേ നിന്ന് സുന്ദരം അകമേയെല്ലാം അഴുക്ക് ഇത്രയും പറഞ്ഞ്
അയൽവാസി
പുറത്തുപോയി.



# കൃഷിത്തോട്ടം











# ഉപന്യാസം– അലീനാഷാജി

സാധാരണ ജീവിതത്തിൽപോലും ഒഴിച്ചുകൂടാനാവാത്ത ഒന്നായി മാറിയിരിക്കുകയാണ് ഇന്ന് കംപ്യൂട്ടർ.

ശാസ്ത്രസാങ്കേതിക രംഗത്തെ അത്ഭുതപൂർവ്വമായ മുന്നേറ്റത്തിന്റെ ഭാഗമായുള്ള ഏറ്റവും മഹത്തായ കണ്ടുപിടുത്തമാണ് കംപ്യൂട്ടർ.കംപ്യൂട്ടറിന്റെ പിറവിയും വികസനവും ഇരുപതാം നൂറ്റാണ്ടിന്റെ മധ്യകാലത്താണുണ്ടായത്.കാലക്രമേണ മാനവരാശിയുടെ സമസ്ത മേഘലകളേയും സ്വാധീനിക്കുകയും

മുന്നോട്ട് നയിക്കുകയും ചെയ്യുന്ന സംവിധാനമായി കംപ്യൂട്ടർ മാറി.വിദ്യാഭ്യാസ മേഖലയിലും കംപ്യൂട്ടറിന്റെ

സ്വാധീനം നിർണ്ണായകമാണ്. ഈ രംഗത്ത് കംപ്യൂട്ടർ നൽകുന്ന സംഭാവനകൾ നിരവധിയാണ്. കംപ്യൂട്ടറിന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് എല്ലാ ശാസ്ത്രവിഷയങ്ങളും സ്വയം പഠിക്കാൻ സാധിക്കും എന്നതാണ് പ്രധാനം. അതുപോലെ തന്നെ ആവശ്യമുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിനും

സംശയങ്ങൾ ദുരീകരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ കംപ്യൂട്ടറിൽ ഉണ്ട്.നാളിതുവരെയുള്ള അറിവുകളെ ആവശ്യമുള്ള ഏത് നിമിഷവും കൺമുന്നിലെത്തിക്കാനുള്ള കഴിവ് കംപ്യൂട്ടറിനുണ്ട്. വിദ്യാർത്ഥികളുടെ അഭിരുചികൾ മനസിലാക്കുന്നതിനും അവയ്ക്കനുസരിച്ച് പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും കംപ്യൂട്ടർ,അധ്യപകരെ സഹായിക്കുന്ന ഘടകമാണ്. വിദ്യാഭ്യാരംഗത്ത് കംപ്യൂട്ടർ ഉപയോഗിക്കുന്നതിനെ

കുറിച്ച് ഈ രംഗത്ത് വിദഗ്ദരുടെ ഇടയിൽതന്നെ ഭിന്നാഭിപ്രായങ്ങളുണ്ട്.എങ്കിലും,വിദ്യാലയങ്ങളിൽ കംപ്യൂട്ടർ സർവസാധാരണമായിക്കൊണ്ടിരിക്കുകയാണ്. അതിൽ നിന്നും മാറിനിന്നുകൊണ്ടുള്ള പഠനം അചിന്തമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്.വിദ്യാർത്ഥികളുടെ പഠനത്തിന്റെ മൂല്യനിർണയം കംപ്യൂട്ടർ സ്വയം നടത്തുന്നു.കംപ്യൂട്ടർ ഉൾപ്പടെയുള്ള യന്ത്രങ്ങളെ ആശ്രയിച്ചുകൊണ്ടുള്ള ഈ ജീവിത ശൈലിയാണ് വരാൻ പോകുന്നത്. കംപ്യൂട്ടറിന്റെ സഹായത്താൽ

ഓരോ വിദ്യാർത്ഥികൾക്കും വസ്തുതകൾ കൃത്യമായി മനസിലാക്കാനും പഠിക്കാനും തെറ്റുകൾ പരിഹരിക്കാനും എളുപ്പം കഴിയുന്നു.ആശയവിനിമയത്തിനായി ശാസ്ത്രം വികസിപ്പിച്ചെടുത്ത ഏറ്റവും ഒടിവിലത്തെ വിദ്യയാണ് ഇന്റർനെറ്റ്.

ലോകത്തെവിടെനിന്നുമുള്ള വിവരങ്ങളും സെക്കന്റുകളിൽ ഇന്റർനെറ്റിൽ
തെളിഞ്ഞുകാണാം.ലോകത്തെവിടെയും നൊടിയിൽ ടെലിഫോണിലൂടെ ബന്ധപ്പെടാം.
ഇ-മെയിലാണ് ഇന്റർനെറ്റിലെ പ്രധാന സേവനം.ഒരു വിഷയത്തിൽ അതീവ
പ്രാവീണ്യം നേടിയ അധ്യപകർക്ക് ലോകമെമ്പാടുമുള്ള വിദ്യാർത്ഥികൾക്ക് അറിവ്
പകർന്ന് കൊടുക്കാൻ കംമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും സാധ്യത
പ്രയോജനപ്പെടുത്താവുന്നതാണ്. കംമ്പ്യൂട്ടർ പ്രചരിക്കാത്തിടത്തെ വിദ്യാഭ്യാസവും
തമ്മിൽ വലിയ അന്തരമുണ്ടെന്നുകാണാം.അതിവിശാലവും ആഴമേറിയതുമായ
അറിവിന്റെ
ലോകം വിരൽത്തുമ്പിലൂടെ കംമ്പ്യൂട്ടർ തുറന്നു തരുന്നു എന്നതും അതുവഴി
വിദ്യാഭ്യാസത്തിന് നൂതനമായ മുഖം
നൽകുന്നു എന്നതും നിസാരമായ കാര്യമല്ല.





# എന്റെ വിദ്യാലയം-അലിഫ് ഖാൻ

കിഴക്കൻ ഭാഗത്തായിട്ടാണ് ഞങ്ങളുടെ സ്കൂൾ
സ്ഥിതിചെയ്യുന്നത്.
അതിസുന്ദരമായൊരു ഗ്രാമത്തിൽ പ്രകൃതിയാൽ
ചുറ്റപ്പെട്ടുകിടക്കുകയാണ്.
പുഴയും കാടും കണ്ടാസ്വദിച്ചാണ് ഞങ്ങൾ സ്കൂളിലേക്ക്
പേകുന്നത്
ദൂരെ നിന്നും ബസ്സ് കയറിയും നടന്നും ഞങ്ങൾ സ്കൂളിൽ
എത്തുന്നു.
പച്ചപ്പരവതാനി വിരിച്ച ഒരു മൈതാനവും
ഞങ്ങൾക്കുണ്ട്.
8,9,10 എന്നീ ക്ലാസ്സുകൾ സ്കൂളിൽ പ്രവർത്തിക്കുന്നു.ഇവ
പല ഡിവിഷനു-
കളായി പ്രവർത്തിക്കുന്നു. വളരെയധി കുട്ടികൾ ഇവിടെ
പഠിക്കുന്നുണ്ട്.
ഓരോ അധ്യായന വർഷത്തിലും ഇവിടത്തെ കുട്ടികൾ
100% വിജയം
കൈവരിക്കുന്നുണ്ട്.ഇതിനെല്ലാം കാരണം
അധ്യാപകരുടെയും കഠിന
പ്രയത്നമാണ്. ഈ സുന്ദരമായ വിദ്യാലയം വെറെ
എവിടെയും കണാൻ
കഴിയില്ല എന്നാണ് പറയുന്നത്.

# യുവജനോത്സവം







ഹസ്കൂൾ ആര്യങ്കാവ്

# 20 താം പിറന്നാളിന്റെ നിറവിൽ ഗൂഗിൾ



**ആൽക്കാന സോവിച്ചൻ**

അറിവുകൾ ശേഖരിച്ച് സാർവ്വദേശീയമായി ലഭമാക്കുക എന്ന ലക്ഷ്യത്തോടെ ഇന്റർനെറ്റ് സെർച്ചിങ്ങിന് പുതിയ മാനങ്ങൾ നൽകിയ ഗൂഗിൾ 20ാം പിറന്നാൽ ആഘോഷിക്കുകയാണ്.ഗൂഗിൾ കാലിഫോർണിയിലെ മെൻലോ പാർക്കിൽ 1998 സെപ്റ്റംബർ 27–നാണ് സ്ഥാപിതമായത്.1996 ജനുവരിയിൽ സറ്റാൻഫോർഡ് സർവ്വകലാശാലയിലെ പി.എച്ച്.ഡി.വിദ്യാർത്ഥികളായിരുന്ന ലാറി പേജും സെർജി ബ്രിൻ എന്നിവരുടെ ഗവേഷണത്തിന്റെ ഭാഗമായാണ് ഗൂഗിൾ പിറവിയെടുക്കുന്നത്. ബാക്ക് റബ് എന്ന, പേരാണ് ലാറിയും,സെർജിയും ആദ്യം നൽകിയത്.1997 സെപ്റ്റംബർ 15 നാണ് ഗൂഗിൾ എന്ന ഡൊമെയിൻ രജിസറ്റർ ചെയ്ത്തത്.ഒന്നിനുശേഷം നുറു പൂജ്യങ്ങൾ വരുന്ന സംഖ്യയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഗൂഗൾ [googol] എന്ന പദം സെർച്ച് എൻജിന്റെ പേരാക്കാനായിരുന്നു ലാറി പേജും സെർജി ബ്രിന്നു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഒരു അക്ഷരപ്പിശകിലൂടെ ഗൂഗിൾ ആയി മാറി. ഇന്ത്യൻ വംശജരായ സുന്ദർ പിച്ചൈ ഗൂഗിളിന്റെ പുതിയ സി. ഇ.ഒ ആയി നിയമിതനായി.

അറിവുകൾ ശേഖരിച്ച് സാർവ്വദേശീയമായി ലഭമാക്കുക എന്ന ലക്ഷ്യത്തോടെ ഇന്റർനെറ്റ് സെർച്ചിങ്ങിന് പുതിയ മാനങ്ങൾ നൽകിയ ഗൂഗിൾ 20ാം പിറന്നാൽ ആഘോഷിക്കുകയാണ്.ഗൂഗിൾ കാലിഫോർണിയിലെ മെൻലോ പാർക്കിൽ 1998 സെപ്റ്റംബർ 27-നാണ് സ്ഥാപിതമായത്.1996 ജനുവരിയിൽ സറ്റാൻഫോർഡ് സർവ്വകലാശാലയിലെ പി.എച്ച്.ഡി.വിദ്യാർത്ഥികളായിരുന്ന ലാറി പേജും സെർജി ബ്രിൻ എന്നിവരുടെ ഗവേഷണത്തിന്റെ ഭാഗമായാണ് ഗൂഗിൾ പിറവിയെടുക്കുന്നത്. ബാക്ക് റബ് എന്ന, പേരാണ് ലാറിയും,സെർജിയും ആദ്യം നൽകിയത്.1997 സെപ്റ്റംബർ 15 നാണ് ഗൂഗിൾ എന്ന ഡൊമെയിൻ രജിസറ്റർ ച്ചെയ്ത്തത്.ഒന്നിനുശേഷം നൂറു പൂജ്യങ്ങൾ വരുന്ന സംഖ്യയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഗൂഗൾ [google] എന്ന പദം സെർച്ച് എൻജിന്റെ പേരാക്കാനായിരുന്നു ലാറി പേജും സെർജി ബ്രിന്നു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഒരു അക്ഷരപ്പിശകിലൂടെ ഗൂഗിൾ ആയി മാറി. ഇന്ത്യൻ വംശജരായ സുന്ദർ പിച്ചൈ ഗൂഗിളിന്റെ പുതിയ സി.ഇ.ഒ ആയി നിയമിതനായി.



# Thoughts-Amalkrishna



Stay away negative people .they have a problem for every solution

“Albert Einstein”

Dreams is not what you see in sleep . Dreams is the thing which does't let you sleep

“A P J  Abdul kalam”

To suceed in the mission , you must have single minded devotion to your goal

“A P J Abdul Kalam”

Education is the most powerfull weapon which you can use to change the world

“Nelson Mandela”

Love and truth are the two sides of a coin

“Mahatma  Gandhi”

Great dreams of great dreamers are always translated

“A P J Abdul Kalam”

If you fail never give up because fail means first attempt in learning

“A P J Abdul Kalam”

# സ്കൂൾ അസംബ്ലി







# The Moon-Anjana

The moon is the earth's only natural satellite.It is relatively large for a moon,with a diameter of about 3,4750km just over a quarter that of the earth.The moon takes the same time too rotate on its axis as it takes to orbit the earth (27.3days),and so the same side(the near side)always face us.How ever,the amount of the surface we can see the phase of the moon depends on how much of the near side is in sunlight.The moon is dry and barren with negligible atmosphere and water.It consists mainly of solids rock or iron.The surface is dusty,with highlands covered in craters caused by meteorite impacts,and lowlands in which large craters have been filled by solidified lava to form dark areas called maria or 'seas'.Maria occur mainly on the near side which has thinner crust than the far side.Many of the craters are rimmed by mountain ranges that form the crater wall and can be thousands of metres high.

# Staff tour



# ഇഷ്ടം-അഞ്ജന



ഒരു കുഞ്ഞുസൂര്യനായ്
ചിരിതൂകിയെപ്പോഴും
പുലരുവാനാണെനിക്കിഷ്ടം

പുഴതന്നിലൊഴുകുന്ന
ചെറുമീൻ കിടാങ്ങളോ
ടൊരുമാത്ര ചേരുവാനിഷ്ടം

കാഴ്ച്ചയിലെന്നും
നിറം ചേർന്നു നിർത്തുന്ന
കാർമേഘമാകുവാനിഷ്ടം

പുസതകത്താളിൽ

വിരിഞ്ഞൊരു മയിൽപീലി
കുഞ്ഞിനെകാണുവാനിഷ്ടം

പുതുമഴനനയവേ
യാലിപഴം തിന്നു
അറിയാതെയലറുവാനിഷ്ടം

പാവം പിടയ്ക്കുന്ന
തുമ്പിയെക്കൊണ്ടേത്ര
കല്ലെടുപ്പിക്കുവാനിഷ്ടം

മായ്ക്കുവാനാകാത്ത
മാത്രകളേകും മുൻ
കാഴ്ചകളാണെനിഷ്ടം

ഇനിയൊരു ബാല്യത്തി-
ലെത്താൻ കൊതിക്കുന്ന
കുട്ടിയായ്ത്തിരുവാനിഷ്ടം



# കടങ്കഥകൾ –അനുഷ

1.അനേകം മതിൽകെട്ടി അകത്തൊരുവെള്ളി വടി–വാഴപ്പിണ്ടി

2.അമ്മ തൊട്ടാലും അമ്മയെ തൊട്ടാലും മകൻ ചാവും–തീപ്പെട്ടി

3.കാട്ടു മുത്തി വിട്ടിൽ വന്നു അടിയും കുത്തും കൊള്ളാതായി–ഉരൽ

4.ആഹാ മരമൊരു വലിയമരം കാക്കയ്ക്കിരിക്കാൻ കൊമ്പില്ല–പുക

5.ഇടവഴിയിലൂടൊരു കരിവടിയോടി–പാമ്പ്

6.എത്രതല്ലിയാലും ഒരിറ്റു കണ്ണീർ വരില്ല–ചെണ്ട

7.എല്ലാം തിന്നും എല്ലാം ദഹിക്കും വെള്ളം കുടിചാൽ ചത്തുപോകും–തീ

8.കുതിരകൾ രണ്ടുണ്ടെങ്കിലും ആളുകൾ എടുത്തോണ്ടുനടക്കണം–കുട

9.കാട്ടിലുണ്ടൊരു കൊച്ചൻ എന്നെക്കണ്ടാൽ സ്തുതിചെല്ലും–തൊട്ടാവാടി

10.ജിരകം പോലുള്ള പശുവിനെകരക്കാൻ ആനയെപ്പോലുള്ള പാൽക്കാരൻ–എള്ളാട്ടുന്ന ചക്ക്

11.ആഹാരത്തിൽ ഒന്നുണ്ട് മൂകാബികയിൽ രണ്ടാമൻ ശംഖിലുമുണ്ട് ഞാനാദ്യം ആരാണീ ഞാൻ ചൊല്ലാമോ?

–ആകാശം

12.കാവലില്ലാത്ത കൊട്ടാരത്തിൽ കണക്കില്ലാത്ത മുത്തുകൾ–നക്ഷത്രങ്ങൾ

13.എന്റെച്ഛനൊരുകാളയെ കൊണ്ടു വന്നു കൊട്ടാൻ നോക്കിയപ്പോൾ തലയില്ല–ആമ

14.അങ്ങോട്ടും ഇങ്ങോട്ടും സംബന്ധം വീട്ടമ്മയക്ക് നിർബന്ധം–വാതിലിന്റെ സാക്ഷ

15.അങ്ങേലെ അമ്മ ഇങ്ങേലെ വന്നു മുറ്റമടിച്ചു–മുളയുടെ തല

# ആര്യങ്കാവ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബഹു:ആർ പ്രദിപിന്റെ അഭിമുഖം



അപർണ്ണ ആർ

1. രാഷ്ട്രിയത്തിൽ വരാനുള്ള സാഹചര്യം വ്യക്തമാക്കാമോ ?

എന്റെ യു.പി,ഹൈസ്ക്കുൾ വ്ദ്യാഭ്യാസം ടി.സി.എൻ.എം. എച്ച്.എസ്സ്. നെടുംമ്പാറയിൽ ആയിരുന്നു.ഇലക്ഷൻ കാലഘട്ടം ആയപ്പോൾ എസ്.എഫ്.ഐ.യുടെ സ്ഥാനാർത്തിയാകാൻ എന്നെ എന്റെ സുഹൃത്തുക്കൾ നിർബന്ധിച്ചു. പിന്നെ ഞാൻ എസ്.എഫ്.ഐ.യുടെ സ്ഥാനാർത്ഥിയാകാൻ തീരുമാനിച്ചു .എസ്.എഫ്.ഐ.യുടെ എതിർ പാർട്ടിയായിരുന്നു. എ.ഐ.എസ്.എഫ്.എല്ലാ പ്രാവിശ്യവും എ.ഐ.എസ്.എഫ് ആയിരുന്നു അവിടെ ജയിച്ചു കൊണ്ടിരുന്നത്. പക്ഷേ ആ ക്കൊല്ലം എന്തു പറ്റിയോ ഞങ്ങളാണ് ജയിച്ചത്.അങ്ങനെ സ്കൂൾ തലങ്ങളിൽ എനിക്ക് കുറച്ച് രാഷ്ട്രിയം ഉണ്ടായിരുന്നു.

2.എസ്.എഫ്.ഐയുടെ സ്ഥാനാർത്ഥിയാകാൻ ഉള്ള കാരണം.?

രാഷ്ട്രിയത്തിൽ ആരെലും വഴിക്കാട്ടിയായിട്ടുണ്ടായിരുന്നോ?

=സുഹൃത്തുക്കൾ നിർബന്ധിപ്പിച്ചിരുന്നു .അതുമല്ല പ്രധാന കാരണം,അച്ഛൻ സി.ഐ.റ്റി.യുവിലെ

അംഗമായിരുന്നു.രാഷ്ട്രിയത്തിൽ വഴിക്കാട്ടിയായി അങ്ങനെ
ആരുമില്ലായിരുന്നു.പക്ഷേ
“കാറൾ മാർക്സിന്റെ"സിദ്ധാന്തങ്ങൾ വളരെ ഇഷ്ടമായിരുന്നു.
അദ്ദേഹത്തിന്റെ പുസ്തകങ്ങളും
അതു വായിക്കുവാനും ഇഷ്ടമായിരുന്നു.
3.? രാഷ്ട്രിയത്തിൽ നൂറ് ശതമാനവും തൃപ്തനാണോ.കുടുംബത്തിന്റെ
സപ്പോർട്ട്കൂടി ചേർത്തു
പറയാമോ?

തൃപ്തന്ണോന്ന് ചോദിച്ചാൽ ആണ്.അല്ലയോ എന്ന് ചോദിച്ചാൽ
അല്ല.രാഷ്ട്രീയമല്ലേ
അപ്പോൾ പല അഭിപ്രായ വാക്കുകൾ കാണാം.ചില അഭിപ്രായങ്ങൾ
ഇഷ്ടപ്പെട്ടുകയും
ചിലത് ഇഷ്ടപ്പെടാതെയും ചിലത് ഇഷ്ടപ്പെഇഷ്ടം
ടേണ്ടിയും വരും.പിന്നെ കുടുംബത്തിന്റെ
സപ്പോർട്ടും അന്നും ഇന്നും ഒരുപോലെ തന്നെ. എതിർപ്പുകൾ അങ്ങനെ
കുടുംബത്തിൽ
നിന്നും ഇതുവരെ ഉണ്ടായിട്ടില്ല.
4.? സ്കൂൾ തലത്തിൽ രാഷ്ട്രീയം ആവശ്യമാണോ അല്ലയോ.എന്താണ്
മാമന്റെ അഭിപ്രായം?

=എന്നോട് ചോദിച്ചാൽ സ്കൂൾ തലത്തിൽ തീർച്ചയായും രാഷ്ട്രീയം
വേണം .കുട്ടികൾ
രാഷ്ട്രീയം പഠിക്കുന്നത് സ്കൂൾ തലങ്ങളിലാണ്.എങ്ങനെ നേതാവാകാൻ
കഴിയും
നല്ല നേതാവിന് വേണ്ട ഗുണങ്ങൾ ഇവിടെ നിന്ന് പഠിക്കുന്നു.



# ലിറ്റിൽ കൈറ്റ്സ്- ആര്യാ



ലിറ്റിൽ കൈറ്റ്സ് പ്രവർത്തനം നിലവിൽ വന്നത് 2018- 19 വർഷത്തിലാണ്. കൈറ്റിന്റെ മുഴുവൻ പേര് കേരള ഇൻഫ്രാസ്റ്റക്ക്ചർ ടെക്നോളജി ഫോർ എഡ്യൂകേഷൻ. ഈ പ്രവർത്തനം നിലവിൽ വന്നത് തികച്ചും നല്ലതാണ്. കേരളത്തിൽ തന്നെ കുറെയേറെ സ്ക്കൂളുകൾ ഹൈടെക്കായി. ഓരോ ക്ലാസ്സിലും ഓരു ലാപ്പ് വീതം നൽകി. ലിറ്റിൽ കൈറ്റിന്റെ ക്ലാസ്സുകൾ നടക്കുന്നത് എല്ലാ ബുധനാഴ്ച്ചകളിലും 8.45 മുതൽ 9.30 വരെ ആണ്. ഈ ക്ലാസ്സ് കുട്ടികൾക്ക് വളരെ പ്രയോജനപ്പെടുത്തുന്ന പ്രവർത്തനമാണ് ഐറ്റി മേഖലയിൽ പിന്നോട്ടു നിന്നവർ മെച്ചപ്പെടുകയും ചെയ്തു. ഈ ക്ലാസ്സിൽ നിന്നും സ്ക്രച്ച് പോഗ്രാമിങ്, ആനിമേഷൻ, മലയാളം കംപ്യൂട്ടിങ് എന്നിവയും പഠിപ്പിച്ചു ഈ ക്ലാസ്സ് നല്ലരിതിയിൽ കൊണ്ടുപോകുന്നത് കൈറ്റ് മാസ്റ്ററാണ്.

ഓരോ പാഠത്തിൽ നിന്നും പരമാവധി വിഡിയോ കാണിക്കുന്നുണ്ട് അതിന് കാരണം കൈറ്റ് സ്ഥാപനം തന്നെയാണ്,ഇതിനാൽ പഠനം മെച്ചപ്പെട്ടു.ഈ പ്രവർത്തനം നല്ല കാര്യത്തിനു മാത്രമാണ് പ്രവർത്തിക്കുന്നത്.



# പഴഞ്ചൊല്ലുകൾ–അസീന



വിയർത്തവന്റെ വിശപ്പിന് സുഖമുണ്ട്

ചുമക്കുന്നവനെ ചുമടിന്റെ ഭാരമറിയൂ

ആറ്റിൽ കളഞ്ഞാലും അളന്നു കളയണം

കരയ്ക്കിട്ടമീൻ പോലെ

ആരംഭ ശൂരത്വം

ആവശ്യക്കാരന് ഔചിത്യം പാടില്ല

നാട് ഓടുമ്പോൾ നടുവേ ഓടണം

നെല്ലും പതിരും തിരിച്ചറിയണം

പട്ടരിൽ പൊട്ടനില്ല

പന്തീരാണ്ടു കാലം കുഴലിൽ ഇട്ടാലും പട്ടിയുടെ വാൽ വളഞ്ഞുതന്നെ

ആവശ്യം സൃഷ്ടിയുടെ മാതാവാണ്

സെന്റ് മേരീസ് ഹൈസ്കൂൾ ആര്യങ്കാവ്

അഴകുള്ള ചക്കയിൽ ചുളയില്ല

അറിയാത്ത പിള്ളക്ക് ചൊറിയുമ്പോൾ അറിയും

അമ്മയ്ക്ക് പ്രാണവേദന , മക്കൾക്ക് വീണവായന

അനുഭവമാണ് മഹാഗുരു

അലസന്റെ തല പിശാചിന്റെ പണിപ്പുര

അധികമായാൽ അമൃതും വിഷം

# മഹത്വചനങ്ങൾ– ആഷിഖ്



സത്യത്തെ ധിക്കരിക്കലും
ജനങ്ങളെ അവഗണിക്കലുമാണ് അഹങ്കാരം

–മുഹമ്മദ് നബി

വഞ്ചന സാർവത്രികമായ
ഒരു കാലത്ത് സത്യം പറയുക
എന്നതു വിപ്ലവപ്രവർത്തനമാണ്

–ജോർജ് ഓർവെൽ

വാൾത്തല അനേകരെ
വീഴ്ത്തിയിട്ടുണ്ട് ,നാവുകൊണ്ട്
വീഴ്ത്തപ്പെട്ടവർ അതിലേറെയാണ്

–ബൈബിൾ

നിങ്ങളിൽത്തന്നെ
വിശ്വസിക്കുവിൻ
മഹാവിശ്വാസങ്ങളാണ്
മഹാകർമങ്ങളുടെ മാതാവ്

–സ്വാമി വിവേകാനന്ദൻ

ഭൂമി അടക്കിഭരിക്കാതെ തന്നെ
നമുക്ക് നല്ല കാര്യങ്ങൾ ചെയ്യാം

–അരിസ്റ്റോട്ടിൽ

ശാസ്ത്രരംഗത്തെ ഓരോ
നേട്ടവും മാനവരാശിക്ക് നാം
നൽകുന്ന ഓരോ പുതിയ
കണ്ണാകുന്നു

–ഐൻസ്റ്റൈൻ

മനുഷ്യന് അപൂർവ
സുഹൃത്തുക്കളെ
പരിചയപ്പെടുത്തികൊടുക്കുന്ന
ഒന്നാണ് ദുരിതം

–ഷേക്സ്പിയർ

അപരിചിതരോട് മനോഹരമായി
പെരുമാറുന്നവനാണ് വിശ്വപൗരൻ

–ബെക്കൺ

സ്നേഹം ധനംപോലെയാണ്
നേടുന്നതിലും പ്രയാസം
സൂക്ഷിച്ചുവയ്ക്കാനാണ്

–സാമുവൽ ബട്ലർ

സർവപാപങ്ങളെയും ജ്ഞാനമാകുന്ന
തോണികൊണ്ട് തരണം ചെയ്യാം

–ഭഗവത്ഗീത

യുക്തി തുടിക്കുന്നതിനെ
മനുഷ്യന് മനസാക്ഷിയെന്ന്
പറയുന്നു

–കോൾറിജ്

ലോകസേവനത്തിൽ
സ്വയം നഷ്ടമാവുന്നതാണ്
സ്വയം കണ്ടെത്താനുള്ള
മികച്ച മാർഗം –മഹാത്മഗാന്ധി

# QUIZ- Deepak



1. Which is the tallest building in the world?

Ans; burj-al-khalif

2. Who won the first Nobel prize for India?

Ans; Rabindranath Tagore

3. the longest river in the world ?

Ans; Nile

4. Who won the FIFA World cup in 2018?

Ans. France

5.Best dancer in the world ?

Ans. Michele Jackson

6. Who won the first OSCAR award for India ?

Ans; A R. Rahman

7 The smallest country in the world

Ans; Vatican city

8. Which is the richest country in the world ?

Ans; USA ( United State's of America)

9. Highest mountain peak in the world .

Ans; MT . EVERST

10.Largest populated country in the World .

Ans; China



# MY WORLD-Devika



This is your world, My-
Mother's voice echoed in my ears
It was a long time ago;
But now I realizes it.

What a sigh,what a beauty
Full of colours and lovely voices
Various species in mysterious secrets
Makes me wonders about the world

Sunrise is marvellous and
Sunset is marvellous too
A cockoo's song is so thrilling and
Astream's gurgling is thrilling too

Butterflies are attractive in colours
Fireflies are attractive in sight
When they are in large numbers
Oh, what a sight, Ican't explain.

The vast valley's greenary colours
The bare mountains attractive beautty
Makes confusion in my deep soul
To compare them each other

I like to sit on the seashore
To count the waves visiting the shore
In the moon light lying in the sand
Counting the stars is more and more impressive

Remembering the words of mother
I stand here in a wonder mood
This is my world with
Full of secrets and mystery.

# Who is she?-Geethumol



She is like a mother
She nurshes me
She provide a costles blanket to me
She provide me food also.

She gave me water,fruits
She never expect reward
She provide our breathing air also
She provide what we wanted.

We,the cruel hands kill her
We,the human threatening her
We,the only evil cheat her
We, the human destroy our lives.

# ലിറ്റിൽ കൈറ്റ്സ് –ഹരിത



ഫുൾ ഫോം ഓഫ് കൈറ്റ് - കേരളാ ഇൻഫ്രാസ്ട്രക്ചർ ടെക്നോള
ഫോർ എഡ്യൂക്കേഷൻ.
40,000 ലേറെ സ്ക്കൂളുകൾ ഹൈടെക് വിദ്യാലയങ്ങയാണ് .സ്ക്രാച്ച് ,ആനിമോഷൻ,മലയാളം
ടൈപ്പിങ് തുടങ്ങിയവയെക്കുറിച്ച് പഠിക്കാൻ കഴിയുന്നു. ഇതിലൂടെ നല്ല കാര്യങ്ങൾ
മാത്രം ആർജ്ജിച്ചെടുക്കുകയും അതിനുമാത്രം വിനിയോഗിക്കുകയും ചെയ്യുന്നു. കൈറ്റ്
എന്നത് ഒരു ഗ്രേസ് മാർക്കിനുവേണ്ടിമാത്രമല്ല, കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കാൻ
കൂടി ഇതിനു സാധിക്കും. നിരവധി കുട്ടികൾ പരീക്ഷയിലൂടെ ഇതിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നു.
സബ്ജില്ലാ , ഉപജില്ലാ ,ജില്ലാ തലത്തിലേക്ക് കുട്ടികളെ പരിശീലിപ്പിക്കുന്നു. കൂടാതെ ശനിയാഴ്ചകളിലും ബുധനാഴ്ചകളിലും ക്ലാസ്സ് എടുക്കുന്നു. ഓരോ സ്ക്കൂളുകൾക്ക് ലാപ്ടോപ്പ് കൈറ്റ് സ്ഥാപനം വിതരണം ചെയ്യുന്നു.
ഈ ക്ലാസ്സ് കുട്ടികൾക്ക് വളരെ പ്രചോദനപ്രദമാണ്. ഈ പ്രനർത്തനം നിലവിൽ വന്നത് തികച്ചും നല്ലതാണ്.
കേരളത്തിൽ തന്നെ കുറെ വിദ്ധ്യാലയങ്ങൾ ഹൈടെക് ആയി.
പാഠ്യവിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വിലയേറിയ ഒരു നാണയമാണ് ലിറ്റിൽ കൈറ്റ്സ്. ഈ പ്രവത്തനത്തിലൂടെ മികവുകാട്ടുന്ന കുട്ടികളെ ക്യാ മ്പുകളിലേക്ക് തിരഞ്ഞെടുക്കുന്നു. ലിറ്റിൽ കൈറ്റ്സിൽ നിന്നും പഠിക്കുന്ന പ്രവർത്തനങ്ങൾ കുട്ടികൾക്ക് ഭാവിയിലേക്കു പ്രയോജനകരമാകുന്നു.





# സൗഹൃദം-ജെയിംസ്

സൗഹൃദമിതെന്തൊരനുഭൂതിയായ്
സൗഹൃദമെന്നതൊരു സമ്പത്തുമായ്
വിളങ്ങുന്നു ഭൂവിൽ ഈ സൗഹൃദ സമ്പത്ത്
നിറയുന്നു സ്നേഹത്തിൻ തിരിനാളമായി
അലതല്ലും സ്നേഹത്തിൻ കുളിരാണു സൗഹൃദം
മനസ്സിൽ വിരിയും പൂക്കളാണിന്നു സൗഹൃദം
പുതുമലർ മൊട്ടിട്ട് സൗഹൃദം പരന്നെങ്ങുമേ
പൂത്തുനിന്നീടുന്നൊരു ചെറു മലർ പുഷ്പമായ്
സൗഹൃദസ്നേഹം വിളങ്ങേണമെന്നുമേ
തിളങ്ങേണമെന്നുമേ പുതുനന്മയായ്
മന്ദമാരുതൻ വീശും പോലെയാ സൗഹൃദം
തഴുകിയുണർത്തേണം മനസ്സുകളിൽ.
സൗഹൃദമെന്നതു പരത്തുന്നു നറുവെട്ടം
മിന്നും മിന്നുങ്ങുപോൽ പാറിടുന്നു
മിന്നുങ്ങിൻ വെളിച്ചം പോൽ സൗഹൃദം
ക്രൂരിരുട്ടെന്നുമേ വെളിച്ചമാക്കു.



# തെന്മല ഇക്കോട്ടൂറിസം-



## ജിതിൻ

ഇന്ത്യയിലെ ആദ്യത്തെ ഇകോടൂറിസം പദ്ധതിയാണ് തെൻമലയിലേത്. ജൈവവൈവിധ്യവും ടൂറിസം സാധ്യതകളുമാണ് ഇത്തരത്തിലൊരു പ്രൊജക്ടിന് പിന്നിലെ പ്രചോദനം. പ്രൊജക്ക്ടിന്റെ ഭാഗമായി തെൻമലയെ അഞ്ച് മേഖലകളായി തരംതിരിച്ചിരിക്കുന്നു. ഓരോ മേഖലയും ഓരോതരത്തിൽ വ്യത്യസ്തവും, മനോഹരമാണ്. ചില മേഖലകൾ പ്രകൃതിസൗന്ദര്യത്തിന് പ്രാധാന്യം കൊടുക്കുന്നു. ഇവിടുത്തെ ഏറ്റവും പ്രധാനപ്പെട്ട മേഖലകളാണ് മാൻ പാർക്ക്, ബട്ടർ ഫ്ലൈ പാർക്ക് , മ്യൂസിക്കൽ ഫൗണ്ടേഷൻ , ബോട്ടിങ്. രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയാണ് ഇവിടെ പ്രവേശനം സാധ്യമാക്കിയിരിക്കുന്നത്. മനോഹരമായ ശില്പങ്ങൾ ഒരുക്കി വച്ചിരിക്കുന്നതാണ് ബട്ടർ ഫ്ലൈ പാർക്കിന്റെ ഏറ്റവും വലിയ സവിശേഷത. പാർക്കിനെക്കറിച്ച് കൂടുതൽ അറിയിക്കുവാനും അവിടെ ചെല്ലുന്നവർക്ക് എല്ലാവിധ സൗകര്യങ്ങളൊരുക്കപവാനും പാർക്ക് ചുറ്റിക്കാട്ടുവാനും പ്രത്യേകം ഗൈഡുമാരെ നിയോഗിച്ചിട്ടുണ്ട്.



# ആസ്വാദനക്കുറിപ്പ്-

മഹിമോൾ



ആൻ ഫ്രങ്കിന്റെ ഡയറിക്കുറിപ്പുകൾ .Anne frank(the dairy of a young girl)

മനുഷ്യമനസാക്ഷിയെ ഞെട്ടിക്കുന്ന ക്രൂരതയാണ് ജർമ്മൻ ഏകാതിപതിയായിരുന്ന ഹിറ്റ്ലർ യഹൂദജനതയോട് കാട്ടിയത്.നാസി തടവറകളിലെ ഗ്യാസ് ചേംബറുകളിലെ വംശശുദ്ധീകരണതിന്റെ പേരിൽ ആയിരക്കണക്കിനു ജൂതവംശജർ പിടഞ്ഞു മരിച്ചു.ഹിറ്റലറുടെ വംശോന്മൂലന സിദ്ധാന്തത്തിലൂടെ നാവാശെഷമാക്കപ്പെട്ട അനേകം ജൂതകുട്ടെംബങ്ങളിൽ ഒന്നായിരുന്നു ആൻ ഫ്രങ്കിന്റേത്.

1945 മാർച്ചിൽ തെക്കെ ജർമനിയിലെ നാസി തടവറയിൽ വച്ച് ആൻ ഫ്രങ്ക് മരണപ്പെട്ടു.1944 ആഗസ്റ്റ് 4-ന് നാസി പോലീസ് ആനിനെയും കുടുംബത്തേയും അവരോളിവിൽ കഴിഞ്ഞിരുന്ന കെട്ടിടത്തിൽ നിന്നും പിടിച്ചുകൊണ്ടുപൊകുമ്പോൾ തന്റെ പ്രിയപ്പെട്ട ഡയറിയെ ഉപേക്ഷിക്കാൻ ആൻ നിർബന്ധിതയായിരുന്നു.ആനിന്റെ മരണത്തിനു ശേഷം കണ്ടെടുക്കപ്പെട്ട "ഡയറിക്കുറിപ്പുകൾ"1947-ൽ അംസ്റ്റാർഡാമിൽ പ്രസിദ്ധീകൃതമായി.യുദ്ധഭീകരതയേയും അതുമനസ്സിലേൽപ്പിക്കുന്ന ആഘാതങ്ങളേയും യഥാർതഥമായി പകർത്തിയ ഈ കൃതി ആനിന്റെ ജീവിതമോ കൂടെ പാർത്തിരുന്നവരുടെ
ജീവിത കഥയോ മാത്രമല്ല ഹോളണ്ടിലെ അന്നത്തെ സാമാന്യ ജനങ്ങളുടെ ജീവിതാവസഥയെ എടുത്തുകാട്ടുന്നു.ഇരുളുനിറഞ്ഞതും ഇടുങ്ങിയതുമായ ഒരു മുറിയും കുറെ മനുഷ്യരും മാത്രമേ ആ പെൺ കുട്ടിയുടെ മുന്നിൽ ഉണ്ടായിരുന്നുള്ളു.എങ്കിലും ആ കൗമാരക്കാരീയുടെ അസാധാരണഭാവനയും നർമ്മ ബോധവും ഈ കുറിപ്പുകളെ ഉദാത്തതലത്തിൽ എത്തിക്കുന്നു ജീവിതത്തോട് ആഴത്തിലുള്ള വിശ്വാസം ഭീതിയുടെ മുൾമുനയിൽ ദിനരാത്രങ്ങളോരോന്നും തള്ളിനീക്കുമ്പോഴും പ്രസാദപൂർണ്ണമായിരുന്ന ആൻ ഫ്രങ്കിന്റെ ജീവതം. ജീവിതത്തിന്റെ ഏറ്റവും ദുരിതപൂർണ്ണമായ സാചര്യങ്ങളിൽ പോലും മനുഷ്യസ്നേഹവും ആത്മവിശ്വാസവും കൈവിടാതെ ഹൃദയവും ശിരസ്സും ഉയർത്തിപ്പിടിച്ച്

ജീവിതത്തെ അഭിമുഖീകരിക്കാൻ ഈ കൃതി നമ്മെ പ്രേരിപ്പിക്കുന്നു.

ഫ്രാങ്ക് കുടുംബത്തിന്റെ ഒളിത്താവളം ജർമ്മൻ പോലീസിന് ഒറ്റിക്കൊടുത്തതാരാണെന്ന് അറിയുന്നതിനുള്ള അന്വേഷണങ്ങൾ പുതിയ വിവാദങ്ങൾ ഉയർത്തുന്നതിനിടയിലാണ് "ആൻ ഫ്രാങ്കിന്റെ ഡയറ്ക്കുറിപ്പുകൾ"ഡി.സി ബുക്സ് ആദ്യമായി (ആഗസ്റ്റ് 2002) ഇത് പ്രസിദ്ധപ്പെടുത്തിയത്.

മനുഷ്യമനഃസാക്ഷിയുടെ മുന്നിൽ എന്നും ഒരു വിലാപയായി നിലകൊള്ളുന്ന ആൻ ഫ്രാങ്ക് എന്ന നിർത്താൻ ഹോളണ്ടിലെ ആൻ ഫ്രാങ്ക് മ്യൂസിയം ബദ്ധശ്രദ്ധരാണെന്നത് ഒരിക്കൽ ആ മ്യൂസിയം സന്ദർശിക്കാൻ അവസരം ലഭിച്ചവർക്ക് ബോദ്ധ്യം വരുന്ന കാര്യമാണ്."ആൻ ഫ്രങ്കിന്റെ ഡയറി" മ്യൂസിയത്തിലെ അമൂല്യശേഖരങ്ങളിൽ കാണാം. 1942 ജൂൺ 12 മുതൽ 1944 ആഗസ്റ്റ് 1 വരെയുള്ള ഈ കുറിപ്പുകൾ ലേഖികയുടേതു മാത്രമല്ല.വേട്ടയ്ടപ്പെട്ട ഒരു സമൂഹത്തിന്റെരോദനം കൂടിയാണ്.



# രാമേശ്വരം-ടൂർ ഡയറി-

**മഹിമോൾ**

രാത്രി 9pm,ഞങ്ങൾ സ്ക്രൂളിൽ എത്തി .അന്ന് ഒരു
ഞായറാഴ്ച്ചയായിരുന്നു.ബസ്സിലേക്ക് കയറി.ഞങ്ങളുടെ
പ്രിയപ്പെട്ട കറ്റീൽ ട്രവൽസായിരുന്നു.അമ്മയും
അനുജനുമുണ്ടായിരുന്നു വാഹനത്തിനു വെലളിയിൽ.
വണ്ടിപുറപ്പെട്ടു.അവരെ പിരിഞ്ഞ് രണ്ട് രാത്രികളും
ഒരു പകലും .ആദ്യം ചെറിയ വിഷമമുണ്ടായിരുന്നു.
പിന്നെ എല്ലാവരുടെയും കൂടെ
സന്തോഷമായിട്ടിരുന്നു.ആദ്യം ദൈവങ്ങളുടെ പാട്ടിട്ടു.
ഒരു ചെറിയ പ്രാർത്ഥന.
അത് കഴിഞ്ഞ് ഞങ്ങൾ പറഞ്ഞു പാട്ട്
മാറ്റാൻ,തകർപ്പൻ പാട്ടുകളായിരുന്നു പിന്നെ
ആട്ടവും പാട്ടും അങ്ങനെ
അടിച്ചുപൊളിച്ചു. രാവിലെ 1:00am എല്ലാവരും
ക്ഷീണിച്ചു. ഞങ്ങൾ സിനിമയിടാനായി ആവശ്യപ്പെട്ടു.
തീവണ്ടിയായിരുന്നു പടം. പകുതി കുട്ടികളും ഉറങ്ങി.
ഞാൻ മുഴുവൻ പടവും കണ്ടു. രാവിലെ 4:30am
ഞങ്ങൾ
ഹോട്ടലിൽ എത്തി. അതിനു ശേഷം ഞങ്ങൾ

ഫ്രഷായി. പുറത്തേക്കിറങ്ങി ഞങ്ങൾ വേറെ ട്രാവലർ വിളിച്ചു.

ഞങ്ങൾ അതിൽ കയറി കഴിക്കാനായി ഹോട്ടലിൽ ചെന്നു. എല്ലാവരും ഇഷ്ടപ്പെട്ട ഭക്ഷണം കഴിച്ചു.അതിനു

ശേഷം ട്രാവലറിൽ കയറി ധനുഷ്കോടി ബീച്ചിലേക്ക് യാത്ര തിരിച്ചു. അതിനു ശേഷം 5 അമ്പലങ്ങൾ സന്ദർശിച്ചു. ഉച്ചയ്ക്ക് 1.00 ക്ക് ഭക്ഷണം കഴിച്ചു. ബോട്ടിംഗിന് പോയി. ട്രാവലറിൽ കയറിൽ കുറ്റിൽ ബസിന്റെയടുത്തേക്ക് പോയി. ബസിൽ കയറി നേരെ പാംമ്പൻ പാലത്തിന്റെ അരികിലേക്ക്,

A.P.J അബ്ദുൾ

കലാമിന്റെ ഹൗസിലേക്ക്. അതിനുശേഷം അവിടെ നിന്ന് അബ്ദുൾ കലാമിന്റെ സ്മാരകത്തിലേക്ക്. അവിടെ നിന്ന് നേരെ ഹോട്ടലിലേക്ക് ഭക്ഷണം കഴിച്ച് പള്ളിയിലേക്ക് പുറപ്പെട്ടു.

തൂത്തുകുടിയിലായിരുന്നു പള്ളി. അതിനടുത്തുള്ള തിയേറ്ററിൽ 10 മണിക്ക് പ്രവേശിച്ചു. സർക്കാർ സിനിമ കണ്ടു. ബസിൽ കയറി തിരികെ വീട്ടിലേക്ക്.രാവിലെ 5.30 ന് ഞാൻ വീട്ടിൽ എത്തി.ഒരു തകർപ്പൻ രാമേശ്വരം യാത്ര.




PAMBAN BRIDGE
L&T



# ജവഹർലാൽ നെഹറു – ഞാൻഇഷ്ടപ്പെടുന്ന നേതാവ്—മഞ്ജുനാഥ്

ജവഹർലാൽ നെഹ്റു (നവംബർ 14, 1889 - മേയ് 27, 1964) ആധുനിക ഇന്ത്യയുടെ ശില്പി എന്നു വിശേഷിപ്പിക്കുന്ന ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി. ഇന്ത്യൻ സ്വാതന്ത്ര്യ സമരനേതാവ് രാഷ്ട്രീയ തത്ത്വചിന്തകൻ, ഗ്രന്ഥകർത്താവ്, ചരിത്രകാരൻ എന്നീ നിലകളിലെല്ലാം വ്യക്തിമുദ്രപതിപ്പിച്ച നെഹ്റു രാജ്യാന്തരതലത്തിൽ ചേരിചേരാനയം അവതരിപ്പിച്ചും ശ്രദ്ധനേടിയിരുന്നു. മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ ആശിസ്സുകളോടെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മുന്നണി പോരാളിയായി മാറിയ ഇദ്ദേഹം ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടിയ 1947 മുതൽ 1964 ൽ മരിക്കുന്നതു വരെ ഇന്ത്യയുടെ പ്രധാനമന്ത്രിയായി സേവനമനുഷ്ഠിച്ചു. . സോഷ്യലിസത്തിലൂന്നിയ നെഹ്റുവിന്റെ രാഷ്ട്രീയദർശനങ്ങളാണ് നാലുപതിറ്റാണ്ടോളം ഇന്ത്യയെ നയിച്ചത്. അദ്ദേഹത്തിന്റെ ഏകമകൾ ഇന്ദിരാ ഗാന്ധിയും ചെറുമകൻ രാജീവ് ഗാന്ധിയും പിന്നീട് ഇന്ത്യയുടെ പ്രധാനമന്ത്രിസ്ഥാനം വഹിച്ചിട്ടുണ്ട്.

നവംമ്പർ 14-1889 ൽ ജനനം. സ്വതന്ത്യ ഇന്ത്യയുടെ ആദ്യ പ്യധാനമന്ത്യിയായിരുന്നു.
സ്വതന്ത്യ ഇന്ത്യയിൽ നാണയത്തിൽ പൃത്യക്ശ ആദ്യ ഇന്ത്യ പ്യധാനമന്തി.നാഷണൽ ഹൊറാൾഡ്
എന്ന പത്യത്തിന്റെ സ്ഥാപകനായിരുന്നു. ഗാന്ധിജിയുടെ രാഷ്ട്യിയ പിൻഗാമിയായിരുന്നു അദ്ധെഹം.
1938-ൽ ബ്യിട്ടീഷ് ഇന്ത്യയിൽ ത്രൂപംകൊണ്ട ആസൂത്രണ കമ്മറ്റിയിൽ ചെയർമാൻ സ്ഥാനം വഹിച്ച
വ്യക്തിയായിരുന്നു ജവഹർലാൽ നെഹറു. പിന്നിട് ഇന്ത്യൻ പഞ്ചവല്സര പദ്ധതിയുടെ പിതാവ്

എന്നറിയപ്പെട്ടു. 1955-ലാണ് ജവഹർലാൽ നെഹറുവിന് ഭാരതരത്നം ലഭിച്ചു.
ചാണ്യക്യൻ എന്ന
തൂലികനാമമാണ് അദേഹം സ്വികരിച്ചു.
ലണ്ടനിലെ പ്രശസ്തമായ കേംബ്രിഡ്ജ് സർവ്വകലാശാലയിൽ നിന്നുമാണ് നെഹ്റു ബിരുദം കരസ്ഥമാക്കിയത്. സർവ്വകലാശാലയിലെ ഇന്നർ ടെംപിളിൽ നിന്നും വക്കീൽ ആകുവാനുള്ള പരിശീലനവും നെഹ്റു പൂർത്തിയാക്കി. വിദ്യാഭ്യാസം കഴിഞ്ഞ് ഇന്ത്യയിലേക്കു തിരിച്ചു വന്ന നെഹ്റു അലഹബാദ് കോടതിയിൽ അഭിഭാഷകനായി ഉദ്യോഗം ആരംഭിച്ചു. ഇക്കാലയളവിൽ അദ്ദേഹത്തിന് രാഷ്ട്രീയത്തോടും താൽപര്യമുണ്ടായിരുന്നു. പതുക്കെ അഭിഭാഷകജോലി വിട്ട് നെഹ്റു മുഴുവൻ സമയ രാഷ്ട്രീയത്തിലേക്ക് ചേക്കേറി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ ഇടതുപക്ഷ ചിന്താഗതി വെച്ചു പുലർത്തുന്നവരോടൊപ്പം നിൽക്കാനാണ് നെഹ്റു താൽപര്യപ്പെട്ടത്. . തന്റെ മാർഗ്ഗദർശി കൂടിയായ മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ അനുഗ്രഹത്തോടേയും, മൗനസമ്മതത്തോടേയും നെഹ്റു കോൺഗ്രസ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട നേതാവായി മാറി. ബ്രിട്ടനിൽ നിന്നും ഇന്ത്യക്കു പൂർണ്ണ സ്വാതന്ത്ര്യം വേണമെന്ന് ജവഹർലാൽ ഉറക്കെ പ്രഖ്യാപിച്ചു. ഇടതുപക്ഷ പരമായ കോൺഗ്രസ്സിന്റെ നയങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്തു.

സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണത്തിൽ 1930 കളിൽ ഇന്ത്യൻ രാഷ്ട്രീയത്തെ മുന്നിൽ നിന്നു നയിച്ചത് കോൺഗ്രസ്സും അതിന്റെ തലവനായിരുന്ന ജവഹർലാൽ നെഹ്റുവുമായിരുന്നു. മതനിരപേക്ഷമായ ഒരു ഭാരതം എന്ന നെഹ്റുവിന്റെ ആശയങ്ങൾ 1937 ലെ പ്രൊവിൻഷ്യൽ തിരഞ്ഞെടുപ്പ് തൂത്തുവാരിയപ്പോഴെ ഏതാണ്ട് തെളിയിക്കപ്പെട്ടിരുന്നു. മുസ്ലീം ലീഗ് തിരഞ്ഞെടുപ്പിൽ അമ്പേ പരാജയമായിരുന്നു. എന്നാൽ 1942 ലെ ക്വിറ്റ് ഇന്ത്യാ മുന്നേറ്റം അദ്ദേഹത്തിന്റെ സ്വപ്നങ്ങളെ ആകെ തകിടം മറിച്ചു. ബ്രിട്ടീഷുകാർ

കോൺഗ്രസ്സിന്റെ ഒരു രാഷ്ട്രീയ സംഘടന എന്ന നിലയിൽ നിന്ന് തകർത്തുകളഞ്ഞിരുന്നു. ലോകമഹായുദ്ധസമയത്ത് സഖ്യശക്തികളെ ശക്തിപ്പെടുത്താനുദ്ദേശിച്ചിരുന്ന നെഹ്റു, ഗാന്ധിജിയുടെ പൂർണ്ണസ്വാതന്ത്ര്യം ഉടനെ വേണമെന്ന ആവശ്യം മനസ്സില്ലാമനസ്സോടെ കൈക്കൊണ്ടു എങ്കിലും ജയിലിലേക്ക് പോകേണ്ട അവസ്ഥ വന്നു. ഒരു നീണ്ട കാലത്തെ ജയിൽവാസത്തിനുശേഷം തികച്ചും പുതിയ രാഷ്ട്രീയ കാലാവസ്ഥയിലേക്കാണ് നെഹ്റു മടങ്ങി വന്നത്. മുസ്ലീം ലീഗും അതിന്റെ നേതാവ് , നെഹ്റു വെറുത്തു തുടങ്ങിയിരുന്ന മുഹമ്മദാലി ജിന്നയും അപ്പോഴേക്കും വളരെ പ്രധാനപ്പെട്ട ഒരു ശക്തിയായി മാറി മുസ്ലീം രാഷ്ട്രീയത്തെ ഗ്രസിച്ചുതുടങ്ങിയിരുന്നു. നെഹ്റുവും ജിന്നയും തമ്മിൽ അധികാരം പങ്കുവെക്കുന്നതിനേച്ചൊല്ലിയുള്ള തർക്കങ്ങൾ നിരാശാജനകമാകുകയും 1947 ൽ ഇന്ത്യയെ രക്തരൂക്ഷിതമായ പിളർപ്പിലേക്കു നയിക്കുകയും ചെയ്തു.

ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായി നെഹ്റുവിനെ കോൺഗ്രസ് തിരഞ്ഞെടുത്തുകഴിഞ്ഞിരുന്നു. ഗാന്ധി തൻറെ രാഷ്ട്രീയ പിൻഗാമിയായി നെഹ്റുവിനെ കണ്ടുതുടങ്ങിയ 1941 ലേ തന്നെ നേതൃത്വത്തിന്റെ വിഷയത്തിൽ തീരുമാനമായിരുന്നു.പ്രധാനമന്ത്രി എന്ന നിലയിൽ ഭാവി ഇന്ത്യയെക്കുറിച്ചുള്ള സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കി തീർക്കാനുള്ള ഒരു പദ്ധതി നെഹ്റു ആവിഷ്കരിച്ചു. സാമൂഹിക,സാമ്പത്തിക, രാഷ്ട്രീയ രംഗത്ത് നവീകരണപദ്ധതികൾ നെഹ്റു നടപ്പിലാക്കുകയുണ്ടായി. നെഹ്റുവിന്റെ നേതൃത്വകാലത്ത് കോൺഗ്രസ്സ് ഒരു വൻ രാഷ്ട്രീയപാർട്ടിയായി മാറി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തുടർച്ചയായി മൂന്നു പൊതുതിരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സ് വിജയം കൈവരിച്ചു.

ലോകോത്തരനിലവാരത്തിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ, ഇന്ത്യയുടെ ബഹിരാകാശ പദ്ധതി, ഇംഗ്ലീഷ് ഭാഷയുടെ വ്യാപകമായ പ്രചാരം എന്നിവയിലെല്ലാം നെഹ്റുവിന്റെ ദീർഘവീക്ഷണങ്ങൾ പ്രത്യക്ഷമായും

പരോക്ഷമായും കാണാവുന്നതാണ്. കോളനി വാഴ്ചയിൽ നിന്നും ഇന്ത്യക്കൊപ്പം മോചിതമായ മറ്റു പല രാജ്യങ്ങളും സ്വേഛാധിപത്യത്തിന്റെ പിടിയലമർന്നപ്പോഴും ഇന്ത്യയിൽ ജനാധിപത്യം കരുത്തോടെ തഴച്ചുവളർന്നത് ജവഹർലാൽ നെഹ്റുവിന്റെ ഏറ്റവും വലിയ നേട്ടമായി കണക്കാക്കാവുന്നതാണ്. അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 14 രാജ്യം ശിശുദിനമായി ആഘോഷിക്കുന്നു.

മഞ്ജുനാഥ്



# സ്കൂൾ ചരിത്രം-നയന



8-6-1904 ആര്യങ്കാവ് കൊല്ലം ജില്ലയുടെ കിഴക്കൻ മലയോര പ്രദേശമായ
ആര്യങ്കാവ് സെന്റ് മേരീസ് പള്ളിഇടവകയുടെ കീഴിലുള്ള സെന്റ് മേരീസ് ഹൈസ്കൂൾ. അധ്യാപന കലയുടെ അക്ഷയ സൗന്ദര്യമായ  വിദ്യാർഥി
മനസ്സിൻ മികവിന്റെ പാതയിലേക്ക് ഈ വിദ്യാലയത്തെ നയിച്ച കഴിഞ്ഞ ഹെഡ്മാസ്റ്റർ മികവിട്ട വളരെ മനോഹരമായ പ്രപഞ്ച സൗന്ദര്യമായ
എന്റെ വിദ്യാലയം .1982 മുതൽ ഇടവകയുടെ മനേജ്മെന്റിൽ പ്രവർത്തിച്ചുവരുന്നു.
കായികമായും ആരോഗ്യവുമായും കുട്ടികളുടെ എല്ലാം പഠന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ക്ലബ്ബുകളും ധാർമ്മികബോധം
വളർത്തുന്നതിനായി വിവിധ സംഘടനകളായ കെ.സി.എസ്.എൽ,ഡി.സി .എൽ,
ജെ.ആർ.സി,വിൻസന്റ് ഡിപ്പോൾ എന്നിങ്ങനെ ഈ വിദ്യാലയത്തിൽ
പ്രവർത്തിച്ച് വരുന്നു.കുട്ടികളിൽ
ആദ്ധ്യാത്മികത,ഈശ്വരചിന്ത,സഹോദര സ്നേഹം ഇവ വളർത്തുന്നതിനായി ദിവസങ്ങളിൽ കത്തോലിക്കാ കുട്ടികൾ വേദപാഠം
ക്ലാസ്സുകളും അകത്തോലിക്കാ കുട്ടികൾക്ക് മോറൽ ക്ലാസ്സുകളും നടത്തി വരുന്നു.
ആര്യങ്കാവ് എന്റെ വിദ്യാലയം മികവിട്ട ഉന്നതയിൽ വളർന്നു വരുന്നു.
ഞങ്ങളുടെ അതിമനോഹരമായ ഓരോ കുട്ടിയുടെയും മികച്ചവളർച്ചയ്ക്ക്
ആര്യങ്കാവ് സെന്റ്മേരീസ് ഹൈസ്ക്കൂൾ പഠനകാര്യങ്ങളിൽ

ഞങ്ങൾ ഓരോ കുട്ടിയും മികവിന്റെ വളർച്ചയിലേക്ക് വന്നു കൊണ്ട് ഇരിക്കുന്നു.
ഓരോ പ്രവർത്തനതിലും എല്ലാം കുട്ടികൾക്കും മുഖ്യമായ് പ്രാധാന്യംനൽകുന്നുണ്ട്.എന്റെ
വിദ്യാലയം ഓരോ കുട്ടിക്കും അതിന്റെ പ്രാധാന്യം നൽകി വരുന്നു .
ഓരോ കുട്ടിയേയും പ്രോത്സാഹിപ്പിച്ചു കൊണ്ട് വരുന്നു .ഓരോ വിദ്യാർഥി മികവിന്റെ പാതയിലേക്ക്
സ്കൂൾ 15-5-1993-ൽ ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിൽ
ചേർക്കുകയുണ്ടായി.നാടിന്റെ നാനാതുറകളിൽ തിളങ്ങി നിൽക്കുന്ന 4500-ൽ പരം പൂർവ്വവിദ്യാർത്ഥികൾ ഈ സ്കൂളിന്റെ സമ്പത്താണ്.



# അമ്മ- നീലാംബരി




അമ്മയെന്ന യാഥാർത്ഥ്യം
അമ്മയെൻ ലോകത്തിൻ പടിവാതിലായ്
എൻ മിഴികളിലെ സൗന്ദര്യദേവതയായ്
മന്ദസ്മിതംപോൽ എന്നരികിൽവന്ന്
എന്നെനോക്കുമ്പോൾ അറിഞ്ഞില്ല
അവളെനിക്ക് വേണ്ടിയാണ്
ജീവിതമൊഴിഞ്ഞ് വെച്ചതെന്ന്

ഉണർന്നിരിക്കുമ്പോൾ കഥകളുടെ പുസ്തകമായ്
ഉറങ്ങുമ്പോൾ താരാട്ടിൻ സംഗീതമായ്
ജീവിതത്തിലെ വഴികാട്ടിയായ്
ഇരുട്ടിലെ പ്രകാശമായ് വന്നപ്പോൾ
അറിഞ്ഞില്ല ഞാൻ,അവളെനിക്കു വേണ്ടിയാണ്
ജീവിതം ഒഴിഞ്ഞ് വച്ചതെന്ന്.



എന്നെകാത്തിരിക്കാൻ ഒരാളുണ്ടെന്നറിഞ്ഞ-
പ്പോഴും കണ്ണീരിലെ തുവാലയായപ്പോഴും
സന്തോഷത്തിലെ കൂട്ടായപ്പോഴും
ഞാനറിഞ്ഞില്ല അളെനിക്ക്
വേണ്ടിയാണ് ജീവിതം ഒഴിഞ്ഞുവെച്ചതെന്ന്

എപ്പോഴൊ ഭൂമിയുടെ കോണിൽ അകപെട്ടപ്പോഴും
ഏകയെന്ന് തോന്നിയപ്പോഴും
താങ്ങില്ല തണലില്ല കരുത്തില്ലയെന്ന് തോന്നിയ-
പ്പോഴും താങ്ങായ് തണലായ് കരുത്തായ്
കൈപിടിച്ചപ്പോഴും അറിഞ്ഞില്ല ഞാൻ
അവളെനിക്ക് വേണ്ടിയാണ്

ജീവിതം ഒഴിഞ്ഞ് വച്ചതെന്ന്.

നിഴലായ് എന്റെ കൂടെ നിന്നവൾ മാഞ്ഞുപ്പോയപ്പോൾ
ഭൂമിയുടെ കോണിൽ വീണ്ടും ഏകയായപ്പോൾ
കരുത്തും,തണലും ഇല്ലാതായപ്പോൾ
ഞാനറിഞ്ഞില്ലയവളെനിക്കു വേണ്ടിയാണ്
ജീവിതമൊഴിഞ്ഞു വെച്ചതെന്ന്.





# Wise Sayings-neethu

Life was always a matter of waiting for the right movement to act.

- Paulo Coelho

Faith is the bird that feels the light when the dawn is still dark

- Rabindranath Tagore

It is very simple to be happy , but it is very difficult to be simple

- Rabindranath Tagore

The line between failure and success is so fine .That we are often on
the line and do not know it

- Elbert Hubbbard

Optimis is a faith that leads to achievement. Nothing can be done
without hope and confidence

- Helen Keller

Extremists have shown what frightens them most .A girl with a book

- Malala yousafzai

A life is not lived for others is not a life

- Mother Theresa

The roots of education is better but fruit is sweet

- Aristotle

Education is the most powerful weapon which you can use to change a world

- Nelson Madela

Failure comes only when we forget our ideals and objectives and principles

- Jawaharlal Nehru

There is simply no substitute for hard work when it comes to achieving success

- Heater Bresch

Peace cannot be kept by force ;it can only be achieved by understanding

- Albert Einstein

Education is the ability to listen to almost any thing without losing your
temper or self confidence

- Robert Frost

Some of brightest minds in the country can be found on the last
benches of the classroom

- Dr APJ Abdul Kalam

Prayer is the key of the morning and the bolt of the evening

- Mahatma Gandhi

We believe in peace and peaceful development not only for ourselves but for
people all over the world.

-Lal Bahadur Shastri

Every thing that is made beautiful and fair lovely is made for the eye of one who sees

-Rumi

You don't have to burn books to destroy a culture. Just get people to stop the reading them.

-Ray Bradbury

Adopting the right attitude can convert a negative stress

into a positive one

-Hans Selye

Education is not learning of facts, But the training of the mind to think.--Albert Einstein



# അമ്പനാട് -ടൂറിസ്റ്റ് കേന്ദ്രം-പ്രണവ്



കിഴക്കൻ മലനിരകളക്ക് ഭംഗിക്കൂട്ടുന്ന നാടാണ് അമ്പനാട്.അവിടുത്തെ പ്രതാന തൊഴിലാണ് തെയിലനിർമാണം.ഒരിക്കൽ ഹാരാസന്റെ കൈവക്കിൽ ഇരുന്ന അമ്പനാട് എസ്റ്റ്ടേറ്റ് കാലപോക്കിൽസാമിയുടെ ട്രാവൻക്കൂർ എസ്റ്റ്റേറ്റ് ആയിരൂപം കൊണ്ടു.എതാനും ചിലവർശങ്ങൾക്ക് മുമ്പ് കെ.എസ്സ്.ആർ.ടി.സി അമ്പനാട്ടിലോട്ട് ബസ്സ് വിട്ടതോട്കൂടി അവിടുത്തെ ഗതാഗത പ്രശ്നങ്ങൾ ഒഴിവായികിട്ടി.ഈ മലനിരകളുടെ ഭംഗിആസ്സതിക്കാൻ കേരളത്തിലെ പലസഥലങ്ങളിൽ നിന്നും വിനോതസൻചാരികൾ എത്താറ്ണ്ട് ഈ കാരണത്തിനാൽ അത്ഒരു വിനോസൻചാരമേഘലയായി രൂപം കൊണ്ടു.അവിടുത്തെ തെയിലയുടെ ഭംഗി ആസ്യ തിച്ച് അവിടുത്തെ കുംമ്പാകുരുട്ടി വെള്ളച്ചാട്ടത്തിൽ നീരാടി ബോട്ട്ങിം എന്നിവ ആസ്യതിച്ച് മടങ്ങുന്നവിനോദസൻചാരികൾക്ക് മറക്കാൻ പറ്റാത്ത ഒരനുഭവമായി മാറുന്നു അമ്പനാട്.അവിടുത്തെ തെയിലഭാക്ടിയിലേക്ക് കയറുവാനുള്ള അനുവാതംഇല്ലാത്തതിനാൽ ചില വിനോദസൻചാരികൾക്ക് കുറച്ച് നിരാക്ശയോടുകൂടി അമ്പനാട് വിടേണ്ട അവസ്ത ഉണ്ടായിട്ടുണ്ട്.
എന്നാൽ തെയിലഉണ്ടാക്കു ന്നത് കാണാൻ ഒക്കാത്തവർക്ക് തെയില വാങ്ങക്കാനുള്ളഅവസരം അവിടെ ഉണ്ട്.എന്നാൽ ...ച്ചൻ കോവ






# സൂര്യാസ്തമയം-വിഷ്ണു





# എന്റെ ചിത്രം-അശ്വതി






# എന്റെ വരകൾ-ആന്റോ






By
ANTO JOSEPH



# വാകയെത്തേടി –സംഗീത



വേനലിൽ പൂക്കുമീ വാകതൻ പുഷ്പമേ
നിയെന്നു പൂക്കുമീ ചില്ലകളിൽ
നിന്റെയാ തണലിൽ ഞാനിരുപ്പുണ്ട്
എന്നാണു നീ പൂക്കുന്നതെന്നും കാത്ത്

നിന്റെയാ വർണ്ണം പ്രേരിപ്പിക്കുന്നുവെന്നെ
നിന്റെയാ വരവിനായി കാത്തിരിക്കാൻ
നിന്റെ സാന്നിദ്ധ്യം എങ്ങുപോയെന്നെനിക്കറിയില്ല
നീയിന്നുപൂക്കുമോ എന്നുമെനിക്കറിയില്ല

വാകതൻ പുഷ്പമേ നീ പുഷ്പിക്കുന്നതും കാത്തുഞാൻ
എന്നുമീ വിജനതയിൽ തനിച്ചാമെന്നു നീയോർക്കുക
ചോരതൻ വർണ്ണമാം പുഷ്പമേ ,
നിന്റെ വർണ്ണം കാണുവാനായി കൊതിക്കുന്നു ഞാൻ

വാകയേ നിൻ ചില്ലകളും കൊതിക്കുന്നു ഇന്ന്
നിന്റെയാ പുഷ്പത്തേ ചുമലിലേറ്റാൻ
എന്റെയാഗ്രഹത്തിൻ അവസാനമെന്തെന്നാൽ
നിൻ പുഷ്പത്തെയൊന്നു കാണുവാൻ മാത്രം

സാധിച്ചു തരില്ലയോ വാകയെ നീയെന്റെയാഗ്രഹം
നീ സാധിച്ചു തരുവോളമെന്നുമേ
കാത്തിരിക്കും  ഞാൻ നിന്റെകീഴിലായ്.



# പഴഞ്ചൊല്ലുകൾ-സന



1.അധികമായാൽ അമൃതും വിഷം.

2.അടിതെറ്റിയാൽ ആനയും വീഴും.

3.അറിവാണ് ശക്തി.

4.അത്യാഗ്രഹം ആപത്ത്.

5.അയലത്തല അളിയനും തിന്നാം.

6.അകത്തു കത്തിയും പുറത്തു പത്തിയും.

7.അപ്പം തിന്നാൽമതി കുഴിയെണ്ണേണ്ട.

8.അടുക്കളമാറിയാൽ ആറുമാസം.

9.അത്താഴം അത്തിപ്പഴത്തോളം.

10..അകത്തൊന്ന് മുഖത്തൊന്ന്.

11.ആനവായിൽ അമ്പഴങ്ങ.

12.ആഴമുള്ള വെള്ളത്തിൽ ഓളമില്ല.

13.ഇരുമ്പിന് തുരുമ്പുകേട്.

14.ഉരുളയ്ക്കുപ്പേരിപോലെ.

15.ഒന്നിൽ പിഴച്ചാൽ മൂന്ന്.




# റോസ്മല- ഇരുചക്രവാഹന പ്രേമികളുടെ ഓഫ് റോഡ് ഡെസ്റ്റിനേഷൻ-ശരവണൻ

റോസ്മല ഒരു ചെറിയ മലഗ്രാമം, അവിടെ നിറഞ്ഞുൽനിക്കുന്ന അതി മനോഹരമായ
പ്രക്രതിയും മലനിരകളിൽ നിന്നും കുത്തിയൊഴുകുന്ന ജലാശയങ്ങളും റേസ്മല എന്നഗ്രമത്തെ
വളരെ മനോഹരമാക്കുന്നു അവിടെനിന്നു വരുന്ന അതി സുന്തരമായ കാറ്റ് കുളിർമ വളരെ മനോഹരമാണ്. പലതരത്തിലുള്ള വന്യമൃഗങ്ങളും അവിടെ ഉണ്ട്.തങ്ങൾക്ക് വേണ്ടി നിത്യ ജീവിതത്തിൽ കൃഷിചെയ്ത് ഉപയോഗിക്കുന്നവരാണ്.
അവിടെ പ്രകൃതിഭാവം മാറാതിരിക്കുന്നതിന് ഇതും ഒരു കാരണമാണ്.










# ഉത്തരം പറയാമോ?–ഷെറിൻ



1. എ ബി സി രാജ്യങ്ങൾ എന്നറിയപ്പെടുന്നത്?1
   അർജന്റീന, ബ്രസിൽ, ചിലി.
2. ഷാവോലിൻ ടെമ്പിൾ ഏത് രാജ്യത്താണ്?
   ചൈന.
3. ആയിരത്തൊന്ന് രാവുകളുടെ നഗരം ഏത്?
   ബാഗ്ദാദ്.
4. എലിഫന്റ് പാസ് സ്ഥിതിചെയ്യുന്നതെവിടെ?
   ശ്രീലങ്ക.
5. ലോകത്തിൽ ആദ്യമായി രൂപികരിച്ച അന്താരാഷ്ട്ര സംഘടന ഏത്?
   ലീഗ് ഓഫ് നേഷൻസ്.
6. ലോകത്തിലാദ്യമായി വനിതകൾക്ക് വോട്ടവകാശം നല്കിയ രാജ്യം?
   ന്യൂസിലന്റ്.
7. പീപ്പിൾസ് പോലീസ് ഏത് രാജ്യത്തെ പോലീസ് സേനയാണ്?
   ചൈന.
8. ഹിറ്റ്ലറുടെ രഹസ്യപോലീസ് എന്നറിയപ്പെടുന്നത്?
   ഗസ്റ്റപ്പോ.
9. സമാധാനത്തിന് നോബൽ സമ്മാനം നേടിയ ഏക റഷ്യൻ ഭരണാധികാരി?
   ഗോർബചേവ്.
10. ലോകത്തിൽ ആദ്യമായി സിവിൽ സർവീസ് പരീക്ഷകൾ ആരംഭിച്ച രാജ്യം?
   ചൈന.
11. സമാധാനത്കിനുള്ള നോബൽ സമ്മാനം ആദ്യമായി ലഭിച്ച സംഘടന?
   റെഡ്ക്രോസ് സൊസൈറ്റി.

12.റിപ്പബ്ലിക് എന്ന ആശയം കൊണ്ടുവന്നത് ആര്?
റോമാക്കാർ.
13. മെസൊപ്പൊട്ടാമിയൻ സംസ്കാരത്തിന്റെ കേന്ദ്രമായിരുന്ന നഗരമേത്?
ഉർ.
14. നവോത്ഥാനത്തിന്റെ കളിത്തൊട്ടിൽ?
ഇറ്റലി.
15. ബ്രിട്ടീഷ് ഭരണഘടനയുടെ ബൈബിൾ?
മാഗ്നകാർട്ട.
16. ഇംഗ്ലണ്ടിന്റെ നട്ടെല്ല് എന്നറിയപ്പെടുന്ന പർവ്വതനിര?
പിനൈൻസ്.
17. സമുദ്രത്തിലെ മരുഭൂമി എന്നറിയപ്പെടുന്ന കടൽ?
സർഗാസോ.
18. ലോകത്തിൽ ഏറ്റവും കൂടുതൽ സിനിമകൾ നിർമിക്കപ്പെടുന്ന രാജ്യം?
ഇന്ത്യ.
19. സ്റ്റാച്യൂ ഓഫ് ജസ്റ്റിസ് സ്ഥിചെയ്യുന്ന സ്ഥലമെവിടെ?
ലണ്ടൻ.
20. ആരുടെ പുസ്തകമ്ണ് ലൈഫ് ഓഫാ പൈ ?
യാൻ മാർടെൽ.
21. ക്രിസ്മസ് അപ്പൂപ്പന്റെ ഗ്രാമം എന്നറിയപ്പെടുന്നത്?
റോവാനിയേമി. (ഫിൻലന്റ്)
22. ജനസംഖ്യയിൽ പകുതിയിലേറെപ്പേരും കോടീശ്വരന്മാരായ രാജ്യം?
മൊണാക്കോ.
23. പ്രതിവർഷം ഏറ്റവും കൂടുതൽ കുടിയേറ്റക്കാർ എത്തുന്ന രാജ്യം?
കാനഡ.
24. ' പട്ടാളമില്ലാത്ത നാട് ' എന്നറിയപ്പെടുന്നത്?
സോളമൻ ദ്വീപുകൾ.
25. "വേൾഡ് വൈൾഡ് ഫണ്ട് ഫോർ നേച്ചർ" എന്ന സംഘടനയുടെ മുദ്രയിൽ കൊടുത്തിരിക്കുന്ന ഏതു ജന്തുവിന്റെ ചിത്രമാണ്?
പാണ്ട.



ആര്യങ്കാവ്

# Nature-Thaufeeq





Nature is what we see,
Herbs,shrubs, anime;
Filled with blessings,
Yes, she is our mother.

Even though we are the curse
to the mother who was deeply,
affaird with us, but it was a fault,
What a shy, that her sons does so.

She is dying, our mother;
She takes risk her own for,
not to reach the dont's face,
against us, that's why she is lovable.

The main factor, the reason for,
our life, is the nature which;
should be  preserved; it doesn't happen,

Our mother, she is dying!

# Eco Tourism thenmala





# പ്രകൃതിയുടെ മടിത്തട്ടിലൊരു ഇക്കോട്ടൂറിസം –ഉത്തര



കേരളത്തിലെ വിനോദ സഞ്ചാരമേഖലയിലെ പുത്തൻ സ്വപ്നമാണ് ഇക്കോട്ടൂറിസം. പരിസ്ഥിതിയുടെ സംസ്കാരവും ചരിത്രവും മനസ്സിലാക്കാനുള്ള സഞ്ചാരമാണിത്. തദ്ദേശിയർക്ക് പ്രയോജനകരമായരീതിയിൽ പ്രകൃതിസംരക്ഷണവും സാമ്പത്തികനേട്ടങ്ങളും കൈവരിക്കുകയാണ് പ്രധാനലക്ഷ്യം. വിനോദസഞ്ചാരമേഖലയിൽ പ്രധാനമേഖലയാണിത്. ആവാസവ്യവസ്ഥസംരക്ഷിച്ചുകൊണ്ട് പ്രകൃതിയെ മുൻ നിർത്തി വിനോസഞ്ചാരവും പരിസ്ഥിയെ പറ്റിയുള്ള പഠനവുമാണ് മുഖ്യഘടകം. പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് തന്നെ താമസസൗകര്യങ്ങളും ഭൗതീകസൗകര്യങ്ങളും പരിമിതമായി വളരെകുറച്ച് അടിസ്ഥാനസൗകര്യങ്ങൾ മാത്രമേ ആവശ്യമുള്ളു.

വിനോദസഞ്ചാരികളുടെ ഏറ്റവും നല്ലൊരു അനുഭവമാണ് ഈ മേഖലയിലുള്ളത്. ഇക്കോട്ടൂറിസം സുസ്ഥിരമായിരിക്കും. വരും തലമുറയുടെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്തിട്ടുള്ള വികസനമാണ് സുസ്ഥിരം. പ്രകൃതിമാത്രമല്ല, പക്ഷിനിരീക്ഷണം,ട്രെക്കിങ്ങ്, മലകയറ്റം, വനത്തിലുള്ളിലെ കുതിര-ആനസവാരികൾ

ഇക്കോട്ടൂറിസത്തിൽ ഉൾപ്പെടുന്നു. വനത്തിലൂടെയുള്ള സഞ്ചാരം,ഗുഹയിലെ താമസം, ജീവജാലങ്ങളെകുറിച്ചുള്ള പഠനം,മീൻപിടിത്തം,മൃഗനിരീക്ഷണം,എന്നിങ്ങനെ ചിലരുണ്ട്.മറ്റുചിലർ പക്ഷിനിരീക്ഷണത്തിനും പ്രകൃതി ആസ്വദിക്കാനുമായി ഇറങ്ങിതിരിച്ച് കുറെനാൾ ഇതിനുപുറകെ നടക്കുന്നവർ. ചങ്ങാടയാത്ര,ട്രെക്കിങ് ഇതെല്ലാം അവരുടെ ഇഷ്ടങ്ങളിലൊന്നാണ് അതിനായി എത്ര വേണമെങ്കിലും മുടക്കാൻ അവർ തയ്യാറാണ്.തങ്ങളുടെ ഒഴിവുകാല വിനോദയാത്ര ആസ്വദിക്കാൻ വന്നുപോകുന്ന ടൂറിസ്റ്റുകളുമുണ്ട്.പ്രകൃതിയുടെ മനോഹാരിതയിലുള്ള വിശ്രമകേന്ദ്രങ്ങളിൽ താമസിക്കാനായിവരുന്ന സഞ്ചാരികളുമുണ്ട്. കേരളത്തിൽ തെന്മലയിലാണ് ആദ്യമായി ഇക്കോട്ടൂറിസം നടപ്പിലാക്കിയത്. അവിടെ പലതരത്തിലുള്ള പാക്കേജുകളുണ്ട്. പ്രകൃതിയുമായി നല്ലൊരു സൗഹൃദബന്ധത്തിലേർപ്പെട്ട ഇക്കോട്ടൂറിസമാണ് തെന്മല. പ്രകൃതിയുടെ മനോഹാരിത ആസ്വദിക്കാൻ കിട്ടുന്നൊരവസരമാണ് ഇക്കോട്ടൂറിസവിനോദസഞ്ചാരം.

വ്യത്യസ്ഥത പുലർത്തുന്ന സംബന്ധമായ ടൂറിസവ്യവസായം സാമ്പത്തികമായി കൂടുതൽ അനുയോജ്യമാണ്. വന്യജീവികളുടെ ആവാസകേന്ദ്രങ്ങളാണിത്. ഇതിനാൽ കേരളത്തിൽ ഇക്കോട്ടൂറിസങ്ങൾ വർദ്ധിക്കുന്നതിനുവേണ്ടിയുള്ള സൗകര്യങ്ങൾ

അന്വേക്ഷിക്കുന്നു."പ്രകൃതിയുടെ മടിത്തട്ടിൽ ഒരു ഹരിത ഭൂമികയാണ് ഇക്കോടൂറിസം".

എന്റെ വിദ്യാലയം





# എന്റെ വിദ്യാലയത്തെക്കുറിച്ച്-യാസീൻ

പ്രകൃതി സൗഹൃദ സ്കൂൾ.
തികച്ചും പ്രകൃതിയോട് ഇണങ്ങി വസിക്കുന്ന സ്കൂൾ.
പച്ചപ്പുനിറഞ്ഞ പുൽമേത്തക്കൾ പാകിയ
തുമ്പികൾപാറിപറക്കുന്ന പ്രകൃതി രമണീയമായ സ്ഥലം.
സ്കൂൾമുറ്റം.പൂന്തോട്ടവും, പച്ചക്കറിത്തോട്ടവും, മരങ്ങളും,
ചെടികളും,ചെടികളും നിറഞ്ഞതാണ്.

അധ്യാപകർ,പഠനം,കലാകായികം.
തികച്ചും മികവാർന്ന രീതിയിലാണ് കുട്ടികളെ
പഠിപ്പിക്കുന്നത്.മികച്ച ടീച്ചർമാർ. കുുട്ടികളുടെ കഴിവ്
വികസിപ്പിച്ചെടുക്കാൻ കലാ-കായികപ്രവർത്തനങ്ങൾ.
മികവുറ്റ കുട്ടികൾ. കുട്ടികളുടെ വ്യക്തിത്വവികസനത്തിന്
പ്രത്യേക ക്ലാസ്സുകൾ.എക്കൊല്ലവും മികച്ച റിസൾട്ട് തരുന്ന
പത്താം ക്ലാസ്സ്.

ബോധവൽകരണക്ലാസ്സുകൾ.
വിദ്യാർത്ഥികളിൽ ലഹരി, മൊബൈൽ, തുടങ്ങിയ
കാര്യങ്ങളുടെ ദൂഷ്യഫലങ്ങളുടെ ബോധ്യപ്പെടുത്താൻ
ബോധവത്കരണ ക്ലാസ്സുകൾ.
ലിറ്റിൽ കൈറ്റ്സ്.
കേരളത്തിലെ പ്രമുഖ ഐ.റ്റി.ക്കൂട്ടായ്മയായ ലിറ്റിൽ
കൈറ്റ്സിന്റെ അംഗീകാരമുള്ള ആര്യങ്കാവ് പഞ്ചായത്തിലെ
ഏക സ്കൂളാണ് സെന്റ് മേരീസ് ഹൈസ്കൂൾ.സ്കൂളിന്റെ
എല്ലാ ക്ലാസ്മുറികളിലും ലാപ്ടോപ്പും,പ്രൊജക്ടറും ഉണ്ട്.
ആര്യങ്കാവ് പഞ്ചായത്തിലെ ആദ്യത്തെ ഹൈറ്റക്ക്
വിദ്യലയമാണ് ഞങ്ങളുടേത്.



# നന്ദിയുടെ ഒരു വാക്ക്

## ഡിജിറ്റൽ മാഗസിൻ സംരംഭത്തിൽ സഹകരിച്ച ഏവർക്കും നന്ദി.........

